പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 430 29.06.2012- ൽ മറുപടിക്ക്

നോർക്കയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം

ശ്രീ. റ്റി.യു.കുരുവിള
ശ്രീ. സി.എഫ്.തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. തോമസ് ഉണ്ണിയാടൻ

(എ) പ്രവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)*

(എ) നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള നോർക്ക റൂട്ട്സിന്റെ ഓഫീസുകൾക്കു പുറമെ കണ്ണൂർ കളക്ടേറ്റിൽ ഒരു മുഴുവൻ സമയ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡൽഹിയിലും, മുബൈയിലുമുള്ള എൻ.ആർ.കെ ഡവലപ്പ്മെന്റ് ഓഫീസുകൾക്കു പുറമേ നോർക്ക-റൂട്ട്സ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡ, ചെന്നൈ, ബാംഗ്ലൂരു എന്നിവിടങ്ങളിൽ പ്രവർത്തനമാരംഭിച്ചു. നോർക്ക-റൂട്ട്സിന്റെ അറ്റസ്റ്റേഷൻ സേവനം, സാന്ത്വന, കാരുണ്യം മുതലായ പദ്ധതികളും പ്രവാസി ക്ഷേമനിധി ബോർഡിന്റെ പദ്ധതികളും വ്യാപകമാക്കുന്നതിനും, മറുനാടൻ മലയാളികളുടെ വിവിധ പരാതി പരിഹാരം, ബോധവൽക്കരണം തുടങ്ങിയവ നടത്തുന്നതിനും ഈ ഓഫീസുകൾ മുഖാന്തിരം സാധ്യമാകുന്നതാണ്. ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 ത്തിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക

| | |
|---|---|
| | പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് നൽകുന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. വിദേശജോലി റിക്രൂട്ട്മെന്റിനായി ഒരു ജോബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. നോർക്ക ബിസിനസ്സ് സെന്റർ, സ്വപ്ന സാഫല്യം പദ്ധതിയുടെ വിപുലീകരണം എന്നിവയും ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നു. ഇതിനായി 50 ലക്ഷം രൂപവീതം ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസി കേരളീയർക്ക് ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ഒരു കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. നോർക്ക വകുപ്പിനു കീഴിൽ പ്രവാസി കേരളീയരുടെ ക്ഷേമം ലക്ഷ്യമാക്കി 2009 ൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് രൂപീകൃതമായി. പ്രവാസി പെൻഷൻ പദ്ധതി, കുടുംബപെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, എന്നിവയാണ് പ്രവാസി ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ. |
| (ബി)'ഒഡെപെക്' വഴി ഗൾഫ് രാജ്യങ്ങളിലേക്ക് കൂടുതൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) കൂടുതൽ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന്റെ ഭാഗമായി 'ഒഡെപെക്' - ന്റെ മാനേജിംഗ് ഡയറക്ടർ ന്യൂഡൽഹിയിലും മുബൈയിലും പ്രവർത്തിക്കുന്ന വിദേശ എംബസികൾ/കോൺസുലേറ്റ് സന്ദർശിച്ച് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി 'ഒഡെപെക്' വഴി റിക്രൂട്ട്മെന്റ് നടത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോടും ഹൈക്കമ്മീഷനുകളോടും |

'ഒഡെപെക്' വഴി വിദേശ റിക്രൂട്ട്മെന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 'ഒഡെപെക്' അധികൃതർ യു.എ.ഇ., ഖത്തർ എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും വിദേശമലയാളി സംഘടനകളുടെ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ ദാതാക്കളെ സന്ദർശിച്ച് ഒഡെപെക് വഴി റിക്രൂട്ട്മെന്റ് നടത്തണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രിയും ഒഡെപെക് അധികൃതരും വിദേശരാജ്യങ്ങൾ സന്ദർശിച്ച് തൊഴിൽദാതാക്കളുമായി സംഭാഷണം നടത്തി കരാറിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 2012 മേയ് ആദ്യവാരത്തിൽ ദുബായ് ഇന്ത്യൻ കോൺസുലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ മന്ത്രിയും, എംപ്ലോയ്മെന്റ് ഡയറക്ടറും, ഒഡെപെക് - ന്റെ മാനേജിംഗ് ഡയറക്ടറും സംബന്ധിച്ചു. ദുബായ്, അബുദാബി എന്നിവിടങ്ങളിലുള്ള പ്രമുഖരായ പ്രവാസി മലയാളി തൊഴിൽ ദാതാക്കളേയും സന്ദർശിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ